LIBRARY ARCHIVES Kerala Legislative Assembly

വാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 വരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200 രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചുനൽകുന്നുണ്ട്.

പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ചികിത്സ ധനസഹായ മാനദണ്ഡം

97(843) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് സർക്കാർ നൽകിവരുന്ന ചികിത്സാ ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗം :

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000 രൂപ വരെ ചികിത്സാ ധന സഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, കാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000 രൂപ വരെ ആശുപത്രി മുഖാന്തരം നൽകുന്നു.

പട്ടികവർഗ്ഗ വിഭാഗം :

ടി വിഭാഗക്കാരുടെ ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയിൽ എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000 രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, കണ്ണൂരിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് &

LIBRARY ARCHIVES Kerala Legislative Assembly

ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീഅവിട്ടംതിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകി വരുന്നു. ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാചെലവ് അനുവദിക്കുന്നു. ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്. അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു. കാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരുലക്ഷം രൂപ വരെ ആശുപത്രി മുഖേന ധനസഹായം അനുവദിക്കുന്നു. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രതയനുസരിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നു.

മലപ്പുറം ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായം

98(844) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ ആയിരത്തിലധികം ധനസഹായ അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ കെട്ടികിടക്കുന്നതായിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ധനസഹായം വിതരണം ചെയ്യുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ പട്ടികജാതി വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതി കളിലായുള്ള 955 അപേക്ഷകളിൽ 532 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികളിലും തീർപ്പ് കല്പിക്കാൻ ശേഷിക്കുന്ന ജനനീജന്മരക്ഷ, വിവാഹ ധനസഹായം എന്നീ അപേക്ഷകളിലും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിച്ചുനൽകുന്നതാണ്.

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കായി നൽകിയ അപേക്ഷകളാണ് തീർപ്പ് കൽപ്പിക്കാനുള്ളതെന്നും അതിന് കാലതാമസം നേരിടുന്നതിന്റെ കാരണവും വ്യക്തമാക്കാമോ?